# പ്രതികരണങ്ങൾ — 30



**പ്രതികരണങ്ങൾ — 30**
**വായനക്കാർ**
(മലയാളം: പ്രതികരണങ്ങൾ)

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Cover: Abstract painting of the series of pictures “InspiNation”.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# പ്രതികരണങ്ങൾ

## കേസരി ബാലകൃഷ്ണപിള്ള: കേരളം എണ്ണായിരം വർഷങ്ങൾക്കു മുമ്പ് അഥവാ എടക്കൽഗുഹ

**സായാഹ്ന പ്രവർത്തകർ:** കേസരി വായിക്കുന്നതെന്തിന്?

ചരിത്രത്തെ പലതായെടുത്താൽ അതിൽ കഥകളും സങ്കല്പങ്ങളുമുണ്ടാകും. ഛായാപടം നോക്കി നിൽക്കുന്ന പോലെ സങ്കല്പിച്ച് പിന്നോട്ടു പോകാനും കഴിയും. സങ്കല്പങ്ങൾക്ക് സാധ്യത കൂടുതലുള്ളതുകൊണ്ട് അത് ഫാന്റസി കൊണ്ടു നിർമ്മിക്കാനും കഴിയും. കാരണം ഇന്നു നടന്നതു പോലും ഓർമ്മകളിൽ നിന്ന് മാറി നിന്നെന്നു വരാം. ആവശ്യകതയുമായി ബന്ധപ്പെട്ടാണ് നമുക്കു ചുറ്റുമുള്ള നിർമ്മിതികളെല്ലാം നിൽക്കുന്നത്. അതു കൊണ്ടു തന്നെ വിശേഷപ്പെട്ടതെല്ലാം ഒരു ഫാന്റസി പോലെ പിൻതുടരുകയാണെന്നു പറയാം. എന്നാൽ ചരിത്രം അതാണോ?

വിസ്മയങ്ങളെപ്പോലും യാഥാർത്ഥ്യവുമായി ബന്ധിപ്പിക്കാൻ കഴിയണം. അതിന് യുക്തി ആവശ്യമാണ്. യുക്തി തന്നെ അധികമായാലോ എന്നിടത്താണ് കേസരി ബാലകൃഷ്ണപിള്ളയുടെ ചരിത്രപഠനങ്ങൾ നിൽക്കുന്നത്. അതിൽ കല്പനയുടെ അംശങ്ങൾ ചേർത്ത് യുക്തിയെ സാമാന്യവത്ക്കരിക്കാനുള്ള ശ്രമവും അദ്ദേഹത്തിന്റെ ചരിത്രകല്പനകളിലുണ്ട്. എന്നാൽ അതിനെത്തന്നെ തന്റേതാക്കി നിർത്താനും ശ്രമിച്ചിരുന്നു. ചരിത്രം വീട്ടിലിരുന്നോ പുസ്തകങ്ങളിൽ പരതിയോ ചിന്തിക്കാവുന്ന ഒന്നല്ലെങ്കിലും കേസരി സ്വന്തം കാഴ്ചകൊണ്ട് അങ്ങനെ ചെയ്തിരുന്നതായും കാണാം.

കല്പഗണിതം പോലുള്ളവയിലൂടെ കടന്നു പോയാൽ അദ്ദേഹത്തിന്റെ കാഴ്ചയും കെട്ടുകഥകളും ചേരുന്നതും അതിൽ പിഴക്കാതിരിക്കാൻ സാമ്പ്രദായിക യുക്തിക്കപ്പുറം പോകുന്നതും കാണാം. താൻ യുക്തിയിൽ നഷ്ടപ്പെടുന്ന ആളല്ല തന്നിൽ ചരിത്രഗവേഷകൻ കൂടിയുണ്ടെന്ന വസ്തുതാബോധം നയിക്കുന്നതും കാണാവുന്നതാണ്. ഈ വസ്തുതാബോധം തന്നെയാണ് അദ്ദേഹത്തെ സ്രോതസ്സുകളിൽ നിന്നു തന്നെ മനസ്സിലാകുന്ന യാഥാർത്ഥ്യത്തിലെത്തിച്ചത്. സാഹിത്യമായാലും ചിത്രകലയായാലും അത് എവിടെയാണോ പിറന്നത് അവിടത്തെ ഭാഷയിലും സംസ്കാരത്തിലും തിരിച്ചറിയണമെന്ന് പഠിപ്പിച്ച മലയാളത്തിന്റെ മാതൃകയാണ് കേസരി. എങ്കിൽപ്പോലും കേസരി വിമർശനത്തിന് അതീതനാണെന്ന് പറയാൻ കഴിയില്ല. ഏതൊരാളിലും ജ്ഞാനം പതിഞ്ഞാലും അയാളിൽ അജ്ഞാതപ്രദേശങ്ങളുണ്ടാകാം. അത് കേസരിയിലും കാണാൻ കഴിയും. ഐഡലിസവും ഫ്രോയിഡിയൻ മനഃശാസ്ത്രവും അദ്ദേഹത്തിന്റെ എഴുത്തിനെ എപ്പോഴും പിൻതുടർന്നിരുന്നു. എങ്കിലും എന്തും പിടിച്ചെടുക്കാൻ കഴിയുന്ന സൂക്ഷ്മദർശനികളുണ്ടായിരുന്ന ആദ്യത്തെ മലയാളി തന്നെയായിരുന്നു അദ്ദേഹം. അന്ന് പാശ്ചാത്യ നാടുകളിൽ എന്തു നടന്നിരുന്നുവെന്നറിയാൻ കേസരിയെ നോക്കിയാൽ ഇപ്പോഴും മനസിലാകും. ആൾക്കൂട്ട മനഃശാസ്ത്രത്തെക്കുറിച്ച് ലോകത്തിനു മുന്നിൽ പകർന്നു വച്ച വിൽഹെം റീഹിനെക്കുറിച്ച് ഒരുപക്ഷേ, മലയാളിയെ അറിയിച്ചത് അദ്ദേഹമാണ്. എത്രയോ പാശ്ചാത്യ എഴുത്തുകാരയും ചിത്രകാരന്മാരേയും അദ്ദേഹം മലയാളിക്കു കാട്ടിത്തന്നു. തകഴിയേയും കേശവദേവിനേയും ഉൾപ്പെടെയുള്ള സാഹിത്യകാരന്മാരെ മലയാളിയ്ക്ക് ഭാവുകത്വ പരിണാമത്തോടെ എത്തിച്ചത് കേസരിയാണ്. ചങ്ങമ്പുഴയെ വേറിട്ട് അടയാളപ്പെടുത്തിയതും അദ്ദേഹമാണ്. മലയാളി എല്ലാ മേഖലകളിലും ക്രിയാത്മകമായി പ്രവർത്തിക്കണമെന്ന് പഠിപ്പിച്ച ക്രിയേറ്ററാണ് അദ്ദേഹം. പത്രപ്രവർത്തനത്തിലും അദ്ദേഹത്തിനു സ്വന്തം വഴിയുണ്ടായിരുന്നു.

ആ നിലക്ക് കേസരിയെ ഇന്ന് അറിയേണ്ടതുണ്ട്. പുതിയ തലമുറ കേസരിയെ കാലത്തിന് അനുയോജ്യനല്ലെന്ന് ഒരു വിവാദവുമായി ബന്ധപ്പെട്ടു പറയുകയുണ്ടായി. യുക്തിസഹമല്ലാത്ത ആ മറുപടികൾ യഥാർത്ഥത്തിൽ നമ്മുടെ അജ്ഞതയെക്കുറിച്ചാണ് സൂചിപ്പിക്കുന്നത്. മറിച്ച് കേസരി നമ്മുടെ ചിന്തകളിലുണ്ടാക്കിയ പരിണാമത്തെക്കുറിച്ച് ആലോചിക്കുകയാണെങ്കിൽ നമ്മൾ അദ്ദേഹത്തിന്റെ ധിഷണയ്ക്കു മുന്നിൽ സ്തംഭിച്ചു നിന്നു പോകും. ആ സ്തംഭനം സ്തംഭനമായി കാണാതെ മുന്നോട്ടു പോകാനും കഴിയും. എങ്കിലും വിമർശനത്തിനു വേണ്ടി വിമർശിക്കാതെ അദ്ദേഹത്തെ വിമർശിക്കുകയും ചെയ്യാം. അതിനുള്ള ഇടങ്ങൾ അദ്ദേഹം തന്നെ തന്റെ കൃതികളിൽ ഒരുക്കിയിട്ടുണ്ട്. അതു കൊണ്ട് ഇക്കാലത്ത് കേസരിയുടെ കൃതികൾ വീണ്ടും വായിക്കേണ്ടതുണ്ട്. അത് നമുക്കു മുന്നിൽ വയ്ക്കുന്ന വിശാലത അറിയേണ്ടതുണ്ട്. അതിനുള്ള തുടക്കമെന്ന നിലയിലും ക്രിയാത്മകമായ വിമർശനങ്ങൾക്കുമായി സായാഹ്ന കേസരിയുടെ കേരളത്തെക്കുറിച്ചുള്ള അന്വേഷണങ്ങളുടെ ലേഖന പരമ്പര വായനക്കാർക്കായി സമർപ്പിക്കുന്നു. എല്ലാ വായനക്കാരേയും കേസരിയുടെ വായനയിലേക്ക് സ്വാഗതം ചെയ്യുന്നു.

## ജിസ ജോസ്: പച്ച എന്ന പേരുള്ള വീട്

**കെ. സച്ചിദാനന്ദൻ:** ജിസയുടെ കഥയും നിരഞ്ജന്റെ കവിതകളും ഒന്നിച്ചാണ് വായിച്ചത്. കഥ haunting ആയി. ഐതിഹ്യത്തിനും പ്രേതകഥയ്ക്കുമിടയിൽ. നിരഞ്ജന്റെ കവിതകൾ നേരെ വർത്തമാനത്തിലേയ്ക്കു പിടിച്ചു കൊണ്ടുവന്നു. ഇപ്പോൾ രണ്ടു കാലങ്ങൾക്കിടയിലെ ശ്വാസം മുട്ടലിൽ.

## മധുസൂദനൻ: കൈത്തഴമ്പ്

**കെ. വിനോദ് ചന്ദ്രൻ:** തകഴിയും മാന്ത്രികക്കുതിരയും: ജീവന്റെ രാഷ്ട്രീയം

ഉത്തരേന്ത്യൻ 'ഹൃദയ'ഭൂമിയിൽ നിന്നെത്തിച്ചേർന്ന ലക്ഷക്കണക്കിനു കർഷകർ, കോർപ്പറേറ്റ്-ഫാസിസ്റ്റ്-ഭരണകൂടമയച്ച മാന്ത്രികാശ്വത്തെ പിടിച്ചു കെട്ടാൻ തലസ്ഥാന നഗരിയെ വളഞ്ഞു നിൽക്കുന്ന ഈ ചരിത്ര സന്ധിയിൽ 'തകഴിയും മാന്ത്രികക്കുതിരയും' (കെ. ജി. എസ്.) എന്ന കവിത കൂടുതൽ അർത്ഥവേദ്യമായി നമുക്ക് മുന്നിൽ വെളിപ്പെടുന്നു.

വി. ആർ. സന്തോഷിന്റെയും ടി. ആർ. വേണുഗോപാലന്റെയും ഗാഢമായ പഠനങ്ങൾ, പയ്യന്നൂർ സാഹിത്യ ജാലക-അംഗങ്ങളുടെ നേർ നോട്ടങ്ങൾ, ഇവയെല്ലാം തന്നെ ഈ കവിതയുടെ രാഷ്ട്രീയ-ലാവണ്യ-വിതാനങ്ങളിലേക്ക് ചാലുകൾ കീറുന്നുണ്ട്. മധുസൂദനൻ എഴുതിയ അനുഭവക്കുറിപ്പാകട്ടെ (കൈത്തഴമ്പ്) കെ. ജി. എസ്സിന്റെ അതിസൂക്ഷ്മ സ്വപ്ന പരിചരണങ്ങളെ തർക്കോവ്സ്കി സിനിമയുടെ സ്വപ്നഭൂമിശാസ്ത്രത്തിലേക്കും ഡോറിസ് സൽസിഡോ എന്ന ലോകപ്രശസ്ത കലാകാരിയുടെ 'ശിബ്ബോലെത്ത്' എന്ന പേരുള്ള കറുത്ത ഗർത്ത ശില്പത്തിലേക്കും പെരുക്കിത്താക്കുന്നു. കുമാരനാശാന്റെ സീതയും, തകഴിക്കവിതയിലെ നെൽവയലും അതിന്റെ ഊർവ്വരമായ ആവാസവ്യവസ്ഥയും മറയുന്നത് ഇതേ ആഗോള ഭൂഗർത്തത്തിലേക്കാണെന്ന മധുവിന്റെ ഉപന്യാസം ഈ കവിതയെ ലോകകലാനുഭവത്തിന്റെ വിശാലമായ വിതാനങ്ങളിലേക്ക് വിമുക്തമാക്കുന്നു. കവിക്കും ലേഖകർക്കും, സായാഹ്നയ്ക്കും അഭിവാദ്യങ്ങൾ!

എന്നാൽ ഉജ്ജ്വലമായ കർഷക സമരത്തിന്റെ ചരിത്ര സന്ദർഭത്തിൽ ഈ കവിതയെ, കവിതയിലെ സ്വപ്നത്തെ, മറ്റൊരു രീതിയിൽ വായിക്കുവാനാണ് ഇവിടെ ശ്രമിക്കുന്നത്. കർഷകന്റെ രാഷ്ട്രീയത്തിൽ ബോധത്തെക്കാൾ അബോധം, ജാഗ്രത്തിനെക്കാൾ സ്വപ്നം, വർത്തമാനത്തെക്കാൾ, ഭവിഷ്യവും ഭൂതവും, യുക്തിയെക്കാൾ ഭാവശക്തി, വഹിക്കുന്ന പങ്ക്, അതല്ലെങ്കിൽ, ബോധാബോധങ്ങളുടെ, ജാഗ്രത്സ്വപ്നങ്ങളുടെ, ഭൂതഭവിഷ്യങ്ങളുടെ അതിശക്തമായ പാരസ്പര്യം, എന്തെന്ന് വെളിവാക്കുന്നു ഈ കവിത. തകഴിയുടെ ദുഃസ്വപ്നം, അതിനു കവിത നൽകുന്ന സ്വപ്നവ്യാഖ്യാനം, സ്വപ്നത്തിനുള്ളിൽ മറ്റൊരു സ്വപ്നമായുയരുന്ന മാന്ത്രിക പ്രമേയം. കവിതയുടെ ഈ സ്വപ്നഘടന കർഷക രാഷ്ട്രീയത്തിന്റെ, കർത്തൃ-പരമായ ഘടനാമൂലകങ്ങളിലേക്ക് വെളിച്ചം പായിക്കുന്നു. ഭരണകൂട രാഷ്ട്രീയത്തിൽ നിന്ന്, ബോധാധിഷ്ഠിതവും ലാഭോന്മുഖവും ആയ കക്ഷിരാഷ്ട്രീയ യുക്തിഘടനയിൽ നിന്ന് കർഷകന്റെ റാഡിക്കൽ രാഷ്ട്രീയം എത്രകണ്ട് വ്യത്യസ്ഥമാണെന്ന് ഇത് വെളിപ്പെടുത്തുന്നു. കവിത നിർമ്മിക്കുന്ന ഈ സ്വപ്നയന്ത്രം ബോധഘടനയിൽ, ജാഗ്രത്തിൽ, ക്രമികത്വത്തിൽ, അട്ടിമറികൾ വിതയ്ക്കുന്നു. അധികാരത്തിന്റെ ഗണിതസൂത്രങ്ങളാൽ, തളയ്ക്കപ്പെട്ട (മലയാളിയുടെ) സ്ഥൂലരാഷ്ട്രീയ ബോധത്തിൽ ഘടനാപരമായ അഴിച്ചുപണികൾ നടത്തുന്നു ഈ ദുഃസ്വപ്നസംഭവം.

ഫ്രഡറിക്ക് ജെയിംസൺ പറയുന്ന പോലെയുള്ള രാഷ്ട്രീയ-അബോധമല്ല, അബോധത്തിന്റെ രാഷ്ട്രീയമാണ്—ദെല്യൂസും ഗൊത്താരിയും മറ്റും പ്രതിപാദിക്കുന്ന സ്വപ്നത്തിന്റെ, കാമനയുടെ, രാഷ്ട്രീയം—ഈ കവിത പ്രതിജ്ഞാപനം ചെയ്യുന്നത്. അബോധം എന്നത് ഇവിടെ, അഭിലാഷത്തിന്റെ, സ്വപ്നത്തിന്റെ, അജ്ഞാത, ആന്തരിക കാലസ്ഥലികളെ കുറിക്കുന്നു. മനുഷ്യ ചേതനയിൽ സ്പന്ദനം കൊള്ളുന്ന സർവ്വചരാചരപ്രജ്ഞാനുസ്യൂതിയെ, പ്രകൃതീ-സംസ്കൃതി-നൈരന്തര്യത്തെ, മാനവ, അമാനവ, അതിമാനവ, സംവേദനത്തെ, മൃഗ-സസ്യ-വൃക്ഷ-പക്ഷി-തൃണ-പ്രാണികളുടെ, ജീവ-ദ്രവ്യജാലങ്ങളുടെ ഘനമൂകനിസ്വനത്തെ, അന്തർഭാഷണത്തെ. വയലും അതിലെ നെല്ലും മീനും ചീവീടും, പുൽത്തളിരും, ചെറുമഞ്ഞും, നീർക്കോലിയും നീർത്തുമ്പിയും അവയുടെ നേർമൊഴിയും', വിതപ്പാട്ടും, കൊയ്ത്തുപാട്ടും എല്ലാം സഹവസിക്കുന്ന ഒരു ആവാസവ്യവസ്ഥയുടെ ഗൂഢവിനിമയമാണ് ഇവിടെ അബോധം, സ്വപ്നം... ദെല്യൂസ് പറയുന്ന പ്രപഞ്ച കാമനയുടെ അനംഗശരീരം (body without organs). വിശ്വാസത്തിന്റെയും വീര്യത്തിന്റെയും പ്രഭവകേന്ദ്രം. അഭിലാഷങ്ങളുടെ, സ്വപ്നങ്ങളുടെ പേറ്റില്ലം. ജീവാജീവന്മാർ, ജൈവാജൈവങ്ങൾ, ചരാചരങ്ങൾ, സ്ഥാവര ജംഗമങ്ങൾ സർവ്വതും സംവേദനനിരതമാവുന്ന ഉർവ്വരമായ അന്തസ്ഥലി.

കൊയ്യാറായ വയൽ ആരോ കട്ട് കൊയ്യുന്നെന്ന ദുഃസ്വപ്നം കണ്ട്, ഞെട്ടിയുണരുന്നു, (വിശ്വസാഹിത്യകാരനും അഭിഭാഷകനും കർഷകപ്രതിഭയുമായ) തകഴി. പേക്കിനാക്കുക്ക് കേട്ട്, ടോർച്ചും വടിയും കൂട്ടാളികളും നായ്ക്കരകളുമായി പാടേത്തക്ക് പായവേ, തകഴി ശങ്കിക്കുന്നു: ഇത് സത്യമോ വെറും സ്വപ്നമോ?

> "വിളിച്ചുണർത്തണോ വള്ളക്കാരനെ?
> വിശ്വസിക്കാമോ സ്വപ്നത്തെ?
> വന്നറിയിച്ച ദുരന്തമല്ലല്ലോ, സ്വപ്നമല്ലേ?
> സ്വപ്നം തന്നെ ഒരു വന്നറിയിക്കലല്ലേ?
> അജ്ഞാതത്തിന്റെ സന്ദേശം?
> ചരിത്രാതീത ഭാഷയിൽ മനെസ്സഴുതുന്ന
> ഭാവിചരിത്രമല്ലേ സ്വപ്നം?
> അതോ അരാഷ്ട്രീയത ഉറങ്ങുമ്പോൾ
> രാഷ്ട്രീയതയുടെ ഉൾവിളിയോ?
> ...
> വയെലനിക്കയച്ച വിപൽദൂതല്ല ഈ പേ
> ക്കിനാവെന്നാരു കണ്ടു?"

സ്വപ്നമോ യാഥാർഥ്യമോ, വർത്തമാനമോ, ഭൂതമോ ഭാവിയോ എന്നറിയാത്ത, ബോധമോ അബോധമോ എന്ന് വേർതിരിക്കാനാവാത്ത, എല്ലാം കെട്ട് പിണഞ്ഞ ഒരു സ്വപ്നസ്ഥലിയിലൂടെയാണ് തകഴിയുടെ സഞ്ചാരം. സ്വപ്നത്തിൽ തന്നെ സ്വപ്നവിശകലനവും നടക്കുന്നു. സ്വപ്നത്തിനുള്ളിലെ സ്വപ്നത്തിലേക്കും കഥയ്ക്കുള്ളിലെ കഥയിലേക്കും ഓർമ്മയ്ക്കുള്ളിലെ എതിർ-ഓർമ്മകളിലേക്കും, പ്രജ്ഞയ്ക്കുള്ളിലെ എതിർപ്രജ്ഞയിലേക്കും, വർത്തമാനത്തിൽ നിന്ന് തെറ്റി ഭൂതഭവിഷ്യങ്ങളിലേക്കും നീളുന്ന ഈ സ്വപ്ന സഞ്ചാരം.

സ്വപ്നം/അബോധം അരുളുന്ന രാഷ്ട്രീയ പ്രബുദ്ധതയിലേക്കാണ് ഈ ദുഃസ്വപ്നം കവിതയെ ഉണർത്തുന്നത്. ബോധാബോധങ്ങളുടെ വരമ്പത്തു കൂടിയുള്ള ഈ സ്വപ്നാടനത്തിനിടെ, സ്വപ്നത്തിന്റെ, അബോധത്തിന്റെ, മനഃശാസ്ത്ര-രാഷ്ട്രീയ വിശകലനത്തിലേർപ്പെടുന്നുണ്ട് കവിതയിലെ തകഴി.

സ്വപ്നത്തെ തള്ളുന്നതിനു പകരം സ്വപ്നത്തിന്റെ വിശ്വസനീയതയെ പ്രതിജ്ഞാപനം ചെയ്യുകയാണ് കർഷകകർതൃസ്വരൂപമായ തകഴി ഇവിടെ. സ്വപ്നം ഒരു വന്നറിയിക്കലല്ലേ? അജ്ഞാതത്തിന്റെ സന്ദേശമല്ലേ? സ്വപ്നവും ജാഗ്രത്തും ഭാവിയും ഭൂതവും വർത്തമാനവും എല്ലാം പ്രശ്നവൽക്കരിക്കപ്പെടുകയാണിവിടെ. ചരിത്രത്തെ, ബോധത്തെ, പിളർന്നുയരുന്ന പ്രബുദ്ധമായിത്തീരലിന്റെ സംഭവമാണ് സ്വപ്നം എന്ന വെളിപാടിലേക്ക് ചോദ്യങ്ങൾ വളർന്ന് മുറുകുന്നു. 'ചരിത്രാതീതഭാഷയിൽ മനസ്സെഴുതുന്ന ഭാവിചരിത്രം' സ്വപ്നമെന്ന്, ജാഗ്രദവസ്ഥ അരാഷ്ട്രീയതയുടെ നിദ്രാടനമാവുമ്പോൾ, 'രാഷ്ട്രീയതയുടെ ഉൾവിളി', അധിക ഉണർവ്വാകുന്നു, സ്വപ്നമെന്ന് തകഴിമൊഴികളിലൂടെ കവിത പുനർനിർവ്വചിക്കുന്നു. വയലിനെ നെഞ്ചിൽ ചേർത്ത കർഷകന്റെ ആധിയുടെയും ആഗ്രഹത്തിന്റെയും പ്രകാശനമെന്ന്, വയലയച്ച് തന്ന വിപൽ സന്ദേശമെന്ന്, ഈ ദുഃസ്വപ്നത്തെ തകഴി വായിക്കുന്നു.

കർഷകകർതൃത്വത്തിന്റെ സ്വപ്നോന്മുഖത്വത്തിലേക്ക് തുടരെത്തുടരെ ടോർച്ചടിക്കുന്നു തകഴിയുടെ ആത്മഗതങ്ങൾ.

> "ഉണരാറുണ്ട് പണ്ടും ഞാൻ ദുഃസ്വപ്നം കണ്ട്.
> എന്നുണരുന്നതും കൂടുതൽ തകഴിയായിട്ട്"

ബോധത്തെ ഞെട്ടിയുണർത്തുന്ന, ഭാവിയുടെ കിളിവാതിൽ വെട്ടിത്തുറക്കുന്ന, വംശത്തിന്റെ എതിർസ്മൃതികൾ തിരിച്ച് പിടിക്കുന്ന, അബോധത്തിന്റെ ആന്തരിക ആഘാതവിദ്യയാണ് തകഴിയ്ക്ക് ദുഃസ്വപ്നം. ഓരോ ദുഃസ്വപ്നവും ഈ കർതൃത്വത്തെ കൂടുതൽ ഉണർവ്വിലേക്കാണ് നയിക്കുന്നത്. ദുഃസ്വപ്നത്തിന്റെ പത്മവ്യൂഹത്തിൽ ഗ്രിഗർ സാംസയെപ്പോലെ തിരിച്ചു വരാനാവാത്ത വിധം ബന്ധിയാവുന്നില്ല കർഷകസത്വനായ തകഴി. ദുഃസ്വപ്നത്തിൽ നിന്ന് ജാഗ്രത്തിലേക്ക് കൂടുതൽ ശക്തനായാണയാൾ മടങ്ങിവരുന്നത്. ഓരോ ദുഃസ്വപ്നത്താലും നവീകരിക്കപ്പെടുന്ന, രൂപാന്തരീകരിക്കപ്പെടുന്ന ഒരു കർതൃപ്രവാഹത്തെയാണ് തകഴി എന്ന് കവിത നാമകരണം ചെയ്യുന്നത്. സ്വപ്നവിരുദ്ധനല്ല ബഹു-സ്വപ്നവിശ്വാസിയാണ് തകഴി. സ്വകാര്യമായ ഫാന്റസിയല്ല, യാഥാർത്ഥ്യത്തിൽ നിന്നുള്ള ഒളിച്ചോട്ടമല്ല, സുഖസാന്ത്വനമല്ല, നഷ്ടപരിഹാരമല്ല തകഴിയുടെ സ്വപ്നം. വംശത്തിന്റെ രാഷ്ട്രീയ ജാഗ്രതയാണത്. വിപ്ലവത്തിന്റെയും, വിമോചനത്തിന്റെയും, വംശീയസ്വപ്നങ്ങളുടെ രാഷ്ട്രീയാഘോഷകനാണ്, ബഹു-കാല-ലോക-സ്വപ്നപ്രബുദ്ധനാണ് തകഴി.

> "ഉണരാറുണ്ട് പണ്ടും ഞാൻ ദുഃസ്വപ്നം കണ്ട്.
> എന്നുണരുന്നതും കൂടുതൽ തകഴിയായിട്ട്;
> ഭീമൻകീടമായിട്ടല്ല, ഗ്രിഗർ സാംസെയേപ്പാലെ.
> മറ്റുള്ളോരുടെ സ്വപ്നം ഞാൻ വിശ്വസിച്ചു.
> പല കാലം.
> മാർക്സ്, ലെനിൻ, ടോൾസ്റ്റോയ്, ഗോർക്കി,
> ബൽസാക്ക്,
> കേസരി, മോപ്പസാങ്, എന്റെ ഭാര്യ കാത്ത,
> കാമ്യൂ, ഫ്ലാബേർ, ബഷീർ... സ്വപ്നങ്ങൾ.
> രണ്ടല്ലായിരുന്നു സ്വപ്നവും ദർശനവുമെനിക്ക്"

വംശീയ-അബോധത്തിന്റെ/സ്വപ്നത്തിന്റെ പ്രതിജ്ഞാപനമാണ് കർഷകനെ സംബന്ധിച്ചിടത്തോളം രാഷ്ട്രീയം എന്ന് തകഴിയുടെ വാക്കുകളിലൂടെ കാവ്യാഖ്യാതാവ് വെളിപ്പെടുത്തുന്നു. സ്വപ്നവും ദർശനവും തനിക്ക് രണ്ടല്ലെന്ന തകഴിയുടെ ആത്മനിർവ്വചനം ശ്രദ്ധേയമാവുന്നതിവിടെയാണ്.

ബോധാബോധങ്ങളുടെ വരമ്പത്തു കൂടി നടന്ന് നടന്ന് വയലിലെത്തിച്ചേരവേ വീണ്ടും മറ്റൊരു സ്വപ്നത്തിലേക്ക് ഞെട്ടിയുണരുകയാണ് തകഴി. പണ്ടേ മരിച്ച കണ്ടൻ മൂപ്പൻ എന്ന വിതക്കാരൻ, കർഷക ഋഷി, പൂർണ്ണചൈതന്യവാനായി മുന്നിൽ പ്രത്യക്ഷനാവുന്നു. വയൽ നിറഞ്ഞു നിൽക്കുന്ന അസാധ്യതയായി, അസാധ്യത്തിന്റെ ദർശനമായി, സംഭവമായി, സ്വപ്നം തകഴിയെ വീണ്ടും ഞെട്ടിക്കുന്നു. മണ്മറഞ്ഞ വംശനായകന്റെ ഉയർത്തെണീപ്പ്. സ്വപ്നത്തിന്റെ വയൽസ്ഥലിയിൽ നിതാന്ത ജാഗ്രതയോടെ നിദ്രാരഹിതനായി, പാറാവ് നിൽക്കുന്ന മരണമില്ലാത്ത വംശ രക്ഷകൻ, ജീവന്റെ വിതക്കാരൻ. സ്വപ്നം വംശകാലത്തിലേക്ക് വർദ്ധമാനമാകുന്നു. വംശീയമായ എതിർ സ്മൃതികൾ ചരിത്രകാലത്തെ, ഭേദിച്ച് വയലിന്റെ സ്വപ്ന സ്ഥലിയിൽ മാന്ത്രിക യാഥാർഥ്യം രചിക്കുന്നു. രേഖീയകാലത്തെ ബോധത്തെ തകർത്ത് ഭൂതഭാവികളുടെ, ബോധാബോധങ്ങളുടെ, ജാഗ്രത്സ്വപ്നസുഷുപ്തികളുടെ അതിർവരമ്പുകൾ മായ്ച്ച് വംശത്തിന്റെ ശാശ്വതകാലം വർത്തമാനത്തെ കയ്യേറുകയും യാഥാർത്ഥ്യത്തെ മാറ്റിയെഴുതുകയും ചെയ്യുന്നു. സ്വപ്നത്തിന്റെ മൂന്നാള നാളത്തിലൂടെ സഞ്ചരിച്ച് വംശ തുരീയത്തിലെത്തിച്ചേരുന്ന തകഴിയ്ക്കുമുന്നിൽ വംശനേതാവായ കണ്ടൻ മൂപ്പൻ ചിരഞ്ജീവിയായി, അതിമാനവനായി, അമൃതസ്വരൂപനായി, വെളിപ്പെടുന്നു. സ്വപ്നകാലം വംശത്തിന്റെ തുരീയകാലത്തിലേക്ക് മുറുകുന്നു. ബോധാന്തരീകരണത്തിന്റെ, രൂപാന്തരീകരണത്തിന്റെ നാലാം കാലം. നിലയില്ലാത്ത നാലാം നില. ചരിത്രവും ചരിത്രാതീതവും ഘർഷണം ചെയ്യുന്ന, ഭൂതഭാവികൾ, ഭൗമാഭൗമങ്ങൾ, പകർന്നാടുന്ന, വംശ രാത്രിയുടെ തുരീയ വെളിവിൽ വയൽ ഒരു നടനവേദിയായിമാറുന്നു. എതിരോർമ്മയുടെ മാന്ത്രികമുകരത്തിൽ കണ്ടൻ മൂപ്പന്റെ കയ്യിലെ മാസ്മര വിതമുദ്ര നവനടന മുദ്രയായി തെളിയുന്നു. വംശകാലത്തിന്റെ വ്യതിരാവർത്തനമായി, ശാശ്വതികമായ പുനരാഗമനത്തിന്റെ സംഭവമായി (eternal recurrence) കണ്ടൻ മൂപ്പന്റെ വിത നടനം ഒരിക്കൽ കൂടി അരങ്ങേറുകയാണ്. കണ്ട് കഴിഞ്ഞാലും കണ്ണിൽ തുടരുന്ന ശാശ്വതമായ വംശസംഭവം.

> "വയലിലെത്തിയതും തകഴി ഞെട്ടി:
> വയൽ നിറഞ്ഞ് നിൽക്കുന്നെ
> താരസാധ്യത:
> കണ്ടൻ മൂപ്പൻ; പണ്ടേ മരിച്ച വിതക്കാരൻ.
> കൃഷിയുടെ ഋഷി.
> (എത്ര കണ്ടതാ ഞാനാ
> കൈയുടെ മാസ്മര വിതമുദ്ര.
> ചൂണ്ടുവിരലും തള്ളവിരലും
> ചേർന്നൊരുക്കുന്ന
> വിത്തുവാതിൽ കടന്ന്
> നെന്മണികൾ വായുവിലുയരും
> വിതപ്പാട്ടിലെ വാക്കുകൾ പോലെ
> ചിറക് വീശും
> കാൽനിമിഷം വായുവിൽ തങ്ങും
> ഓരോ വിത്തും വയൽനെഞ്ചിൽ
> സ്വന്തം ഇടം കാണും
> ആ കുളിരിലേക്ക് താണിറങ്ങും.
> കണ്ട് കഴിഞ്ഞും കണ്ണിൽ തുടരും
> കണ്ടൻ മൂപ്പന്റെ വിതനടനം.)"

ജീവന്റെ, ഭാവിയുടെ, വിത്തു വിതയ്ക്കുന്ന ജീവ രാഷ്ട്രീയ (bio+zoe politics) നടനമാണ് നമുക്ക് മുന്നിൽ നമുക്ക് പിന്നിൽ. കൃഷിയുടെ ഋഷിയും രക്ഷകനും മാന്ത്രികനും നട്ടവനുമായ കണ്ടൻ മൂപ്പന്റെ വംശനൃത്തം നടരാജ നൃത്തത്തെയും കവിയുന്നു. അനുഗ്രഹ മുദ്രയ്ക്ക് പകരം ജീവന്റെ വിതമുദ്ര. വിതയെറിയുന്ന വിരലിന്റെ ചിന്മുദ്ര. ചൂണ്ട് വിരലും തള്ളവിരലും ചേർന്നൊരുക്കിയ വിത്ത് വാതിൽ ഭേദിച്ച് വായുവിലേക്കു ഉയർന്നുയരുന്ന നെന്മണിക്കുരുന്നുകൾ, വിതപ്പാട്ടിലെ വാക്കുകൾ പോലെ നെന്മണികളുടെ ചിറകു വീശിപ്പറക്കൽ, കാൽ നിമിഷം വായുവിൽ തങ്ങി, വയൽ നെഞ്ചിൽ സ്വന്തം ഇടം കണ്ടെത്തി, നെഞ്ചിന്റെ കുളിരിലേക്ക് താണിറങ്ങുന്ന നെന്മണിപ്പറവകൾ. ഇതാണ് ജീവന്റെ, ഭാവിയുടെ, വിത നടനം. വിതക്കാരനും, വിത്തായ നെന്മണിപ്രാക്കളും, വിതപ്പാട്ടുകാരും, വയൽ നെഞ്ചും കുളിർവായുവും വംശമൊന്നാകെയും പകർന്നാടുന്ന ജീവന്റെ സംഘനൃത്തം.

കൃഷി ഒരു കായികാദ്ധ്വാനമല്ല. ഒരു മാസ്മര സർഗ്ഗനടനമാണ്. പ്രകൃതിയും മനുഷ്യനും ജീവജാലങ്ങളും പങ്കെടുക്കുന്ന സംഘകലയാണ്, ജീവ രാഷ്ട്രീയത്തിന്റെ വംശോൽസവമാണ്.

അനന്തരം, കർഷകന്റെ ഇതിഹാസകാരനും അഭിഭാഷകനുമായ തകഴി സാറിനോട് വംശ രക്ഷകനായ കണ്ടൻ മൂപ്പൻ ആസന്നമായ മഹാവിപത്തിന്റെ വൃത്താന്തം നാടോടിക്കഥനത്തിന്റെ സ്വപ്നമൊഴികളിലൂടെ റിപ്പോർട്ട് ചെയ്യുന്നു.

പാടത്തെന്തോ പന്തികേട്ട് തോന്നി നോക്കുമ്പോൾ, കണ്ടത്തിൽ കുഞ്ചിനിലാവു കുലുക്കി മേയുന്ന പരദേശി മാന്ത്രികക്കുതിര. 'നാൾ പൊക്കം, രുവെള്ള. തീനാവ്'. പ്രലോഭനീയം. 'ഒറ്റയ്ക്കൊരു സൈന്യം'. 'ആ ചതിക്കുതിരയിൽ നിന്ന് മാരകമൊരു സൈന്യപ്പാതിര ലോകത്തേയ്ക്കിറങ്ങുന്നു'. മേഞ്ഞിടം തരിശാക്കിക്കൊണ്ട്.

കുഴിമാടങ്ങളിൽ കാവൽ നിൽക്കുന്ന ചാത്തന്മാരെ കണ്ടൻ മൂപ്പൻ തുറന്ന വിട്ടു. വംശാബോധത്തിന്റെ പ്രവിശ്യകൾ കാക്കുന്ന നാട്ടുരക്ഷാസൈന്യം. മാന്ത്രികക്കുതിര തൽക്കാലം മാഞ്ഞെന്ന് തോന്നിച്ചെങ്കിലും, മായാരൂപമാർന്ന് മണ്ണിലേക്കോ മാനത്തിലേക്കോ മനസ്സിലേക്കോ അത് അധിനിവേശം ചെയ്തു. അതിന്റെ വാൽ ബോംബർപ്പക പോലെ കാറ്റിൽ നീണ്ടുലഞ്ഞു. നഗരമായ കൊണ്ട് അത് മൂപ്പന്റെ കണ്ണുകെട്ടി. അരൂപിയും മായാവിയുമായ ഒരു മാരക ശത്രുവംശത്തിനെതിരെ മായികമായ ആക്രമണം അഴിച്ചു വിട്ടിരിക്കുന്നു. രാസവിഷം തുപ്പുന്ന ചതിക്കുതിര. കൊള്ളക്കുതിര. മായാവിക്കുതിര.

> "കാഴ്ചയിലിപ്പോൾ പാടം
> പീഡിത പോലെ മയക്കത്തിൽ.
> ഓക്കാനിക്കുന്നത് കണ്ണും മൂക്കും പൊള്ളിക്കും
> രാസമണം.
> കനകവയൽ കാർന്നൊടുക്കുമ്പോൾ
> കള്ളക്കുതിരെയൊലിപ്പിച്ച രാസ ഊറലിൽ
> നെല്ലും മീനും ചീവീടും പുൽത്തളിരും ചെറുമഞ്ഞും
> നീർക്കോലി, നീർത്തുമ്പിയുമവയുടെ
> നേർമൊഴിയും... അടപടലേ
> നീറിച്ചീയുമൊരാവാസത്തിൻ നാറ്റം.
> കാഴ്ചയിലിപ്പോൾ ശേഷിക്കുന്നത്
> ഉൾക്കനം വാർന്ന്
> വളഞ്ഞ നട്ടെല്ല് പോലെ ചില പതിർക്കുല;
> ചുമ്മാ കിലുങ്ങുന്നത്."

പിന്നെക്കാണുന്നത് പീഡിതയായി മയങ്ങുന്ന പാടത്തെയാണ്. അതിന്റെ ഓക്കാനം കണ്ണും മൂക്കും പൊള്ളിക്കുന്ന രാസ മണം. കൊള്ളക്കുതിര കനകവയൽ കാർന്നെടുക്കുന്നു. അതിന്റെ രാസവിഷ സർജ്ജനത്തിൽ 'നെല്ലും മീനും ചീവീടും പുൽത്തളിരും ചെറുമഞ്ഞും നീർക്കോലി നീർത്തുമ്പികളും അവയുടെ നേർമൊഴികളും' ആഘോഷപൂർവ്വം സഹവസിക്കുന്ന വയലിന്റെ ആവാസവ്യവസ്ഥയാകെ പൊള്ളിനീറിച്ചീഞ്ഞു നാറുകയാണ്. ഇപ്പോളുയരുന്നത് വംശനാശത്തിന്റെ ദുസ്സഹമായ നാറ്റം മാത്രം. ഉൾക്കനം വാർന്ന, നട്ടെല്ല് വളഞ്ഞു ചുമ്മാ കലുങ്ങുന്ന ചില പതിർക്കുലകൾ മാത്രമേ ഇനി അവശേഷിക്കുന്നുള്ളു. ജീവന്റെ, ഭാവിയുടെ, വിതക്കാരൻ, വംശമൂർത്തിയായ കണ്ടൻ മൂപ്പൻ, വർത്തമാന അവസ്ഥയെ, വിലയിരുത്തുന്നതിങ്ങനെ. ഉൾക്കനമില്ലാത്ത, നട്ടെല്ല് വളഞ്ഞ, ചുമ്മാ കലുങ്ങിച്ചിലമ്പുന്ന പതിർക്കുലകൾ, സമകാലീന കേരളീയ സമൂഹമുല്പാദിപ്പിക്കുന്ന ദീനകർതൃത്വങ്ങളുടെ ഗുണനിലവാരത്തെയല്ലേ രൂപകം ചെയ്യുന്നത്?

മാന്ത്രികക്കുതിരയുടെ നാടോടി കഥനപ്രമേയത്തിലൂടെ, നാട്ടുജനതയ്ക്കുമേൽ നടക്കുന്ന അദൃശ്യവും അന്യാദൃശവും മായികവുമായ ഒരു ആക്രമണത്തിന്റെ ചരിത്രവും അതിന്റെ ദുരന്തപരിണതികളുമാണ് കണ്ടൻ മൂപ്പൻ ആഖ്യാനം ചെയ്യുന്നത്. കർഷകർക്കുമേൽ, കർഷകവൃത്തിയ്ക്കും ആവാസവ്യവസ്ഥയ്ക്കും മേൽ ആഗോള കോർപ്പറേറ്റ് സാമ്രാജ്യം നടത്തുന്ന പ്രച്ഛന്നവും മാരകവുമായ അധിനിവേശ ആക്രമണത്തെ സൂക്ഷ്മമായി തിരിച്ചറിയുകയും ചെറുത്തുനിൽക്കുകയും ചെയ്യുന്ന കർഷകന്റെ അബോധ രാഷ്ട്രീയ നേരിടലുകളെയാണ്, സ്വപ്നപുരുഷനായ കണ്ടൻ മൂപ്പൻ മാന്ത്രികവും ഗൂഢവുമായ കഥനരീതിയിൽ മൊഴിയുന്നത്. ചരിത്രപരവും രാഷ്ട്രീയപരവും ആയ ഒരു പ്രച്ഛന്നാധിനിവേശ പീഡാനുഭവത്തിന്റെ സത്യവാങ്മൂലം. പ്രാദേശിക കാർഷിക സമ്പദ്വ്യവസ്ഥകളെ, സമൂഹങ്ങളെ, സാംസ്കാരങ്ങളെ, പരിസ്ഥിതിയെ, കൊള്ള ചെയ്ത് കാർന്ന് തിന്നുന്ന, വിഷാണമായ ആഗോള കോർപ്പറേറ്റ് ബയോരാഷ്ട്രീയ സാമ്രാജ്യത്തിന്റെ മായാസ്വരൂപത്തെയാണ് ഈ പരദേശിമാന്ത്രികക്കുതിര, പ്രതിനിധാനം ചെയ്യുന്നത്. ആധുനിക-ധുനികോത്തരസാങ്കേതികവിദ്യയുടെ, ശാസ്ത്രവിജ്ഞാനീയത്തിന്റെ, നവചൂഷണവിദ്യകളുടെ, പടക്കോപ്പണിഞ്ഞ, ഈ മാന്ത്രിക അശ്വയന്ത്രം ദക്ഷിണേഷ്യയുടെ, ഇന്ത്യയുടെ, പ്രത്യേകിച്ച് കേരളത്തിന്റെ പ്രകൃതിയെ, കാർഷികാവാസവ്യവസ്ഥയെ സാംസ്കാരിക സാമൂഹ്യ മണ്ഡലത്തെ വിഷസേചനംചെയ്ത് തരിശാക്കിയതെങ്ങനെ എന്ന് ഹരിത വിപ്ലവകാലം മുതലുള്ള ചരിത്രം പരിശോധിച്ചാൽ വ്യക്തമാകും. നാട്ടുമണ്ണിൽ, കൃത്രിമ വിത്തിന്റെ, രാസവളത്തിന്റെ, കീടനാശിനികളുടെ, ബഹുരാഷ്ട്ര കുത്തകക്കമ്പനികളുടെ പടയോട്ടക്കഥ. ബയോ ടെക്നോളജി, ബയോ എഞ്ചിനീയറിംഗ്, ജെനെറ്റിക്സ്, എന്നീ ശാസ്ത്ര-സാങ്കേതികവിദ്യകളുടെ, ദുരുപയോഗത്തിലൂടെ, അതിയന്ത്രവൽക്കരണത്തിലൂടെ, അദൃശ്യശക്തിയായി മാറിയ ആഗോള ബയോ-രാഷ്ട്രീയ സാമ്രാജ്യം കർഷക ജനതയ്ക്ക് മേൽ നടത്തിയ മായികവും പ്രച്ഛന്നവുമായ സൂക്ഷ്മയുദ്ധങ്ങളുടെ കഥ.

ഇത് കൃഷിക്കാരന്റെ ദുരന്തകഥമാത്രമല്ല, കേരളത്തിന്റെ ദുരന്ത ചരിത്രം കൂടിയാണ്. പ്രലോഭനീയമായ ഈ ആഗോള മാന്ത്രികാശ്വയന്ത്രത്തിന്റെ തേരോട്ടത്തിൽ തകർന്നടിഞ്ഞത് വയലേലകളും സമൃദ്ധ ഹരിതകങ്ങളും കർഷകസമൂഹങ്ങളും മാത്രമല്ല, കേരളത്തിന്റെ സാമ്പത്തിക-സാമൂഹ്യ-സാംസ്കാരിക-ആവാസവ്യവസ്ഥയാകെയും, രാഷ്ട്രീയ-സ്വയം നിർണ്ണായകതയും, സാമ്പത്തിക സ്വയം പര്യാപ്തിയും, നട്ടെല്ല് വളയാത്ത കർതൃസ്വരൂപങ്ങളുമാണ്. അന്നവിളകളിൽ നിന്ന് നാണ്യ വിളകളിലേക്ക് കർഷകർ മാർഗ്ഗം കൂടിയതും, നെൽവയലുകളെ, കോൺക്രീറ്റ് കെട്ടിടങ്ങൾ, പാർപ്പിട സമുച്ചയങ്ങൾ, കയ്യേറ്റം ചെയ്തതും, കൃഷിയുടെയും കർഷകന്റെയും വിലയിടിഞ്ഞ് ചോരവാർന്ന്, ആത്മഹത്യ കർഷന്റെ ആത്മാവിഷ്ക്കാരമാർഗ്ഗമായതും, മണ്ണും മനവും മാനവും തോടും പുഴയും മലയും, മാലിന്യവിഷാസിക്തമായതും, അന്നവും പൊറുതിയും മുട്ടി അഭയാർഥികളായി യുവാക്കൾ അന്യരാജ്യങ്ങളിലേക്ക് കുടിമാറേണ്ടി വന്നതും, രാഷ്ട്രീയം വിത്തെടുത്ത് ഉണ്ണലും, നാടിനെ വിറ്റുമുടിക്കലായതും എല്ലാം ഈ ആധിനിവേശ ദുരന്തകഥയുടെ അനന്തരപർവ്വങ്ങൾ മാത്രം.

കർഷകന്റെ, ബോധാബോധങ്ങളിൽ അധിനിവേശം ചെയ്ത ഈ ബയോ സാമ്രാജ്യ അശ്വയന്ത്രത്തിനെതിരേ, അബോധത്തിന്റെ, സ്വപ്നത്തിന്റെ, പ്രതിരോധ സൈന്യങ്ങളെ, സംവിധാനങ്ങളെ, വീണ്ടെടുക്കലാണ് തകഴിയുടെ ദുഃസ്വപ്നത്തിലൂടെ, കണ്ടൻ മൂപ്പന്റെയും നാട്ടുചാത്തന്മാരുടെയും അബോധ-രാഷ്ട്രീയ പ്രതിരോധത്തിലൂടെ, കവിത ചെയ്യുന്നത്: ഒരു എതിർ-ആഭിചാരം, ഒരു സ്വപ്നാഘാതപ്രയോഗം, ഒരു ബദൽ കർതൃ നിർമ്മിതി. ജീവനെ, ഭാവിയെ, വിതയ്ക്കുന്നവരെന്ന നിലയിൽ, അന്ന നിർമ്മാതാക്കളെന്ന നിലയിൽ ജീവശക്തിയെ (power as puissance) സമാഹരിക്കുകയും ഉല്പാദിപ്പിക്കുകയും ചെയ്യുന്ന കലാ-കായിക-ബൗദ്ധിക-സർഗ്ഗ വൃത്തിയിലേർപ്പെട്ട കർഷകരാണ് ഭരണകൂടത്തിന്റെയും, കോർപ്പറേറ്റ് ബയോ-സാമ്രാജ്യശക്തികളുടെയും അധികാരത്തിനെ ചെറുക്കുവാൻ, അതിവർത്തിക്കുവാൻ ജന്മനാ പ്രാപ്തരായ മുഖ്യ ബദൽ രാഷ്ട്രീയ ശക്തിയെന്ന്, കവിത സൂചിപ്പിക്കുന്നു. ആധുനികോത്തരബൗദ്ധികത്തൊഴിലാളികളാണ്, ബയോരാഷ്ട്രീയ കർതൃത്വങ്ങളെന്നും ബയോ രാഷ്ട്രീയവിപ്ലവത്തിന്റെ മുന്നണിപ്പടയാളികൾ എന്നും ഉള്ള അന്റോണിയോ നെഗ്രിയുടെ 'ജനസഞ്ചയ' സങ്കല്പത്തെ ഈ ഉൾക്കാഴ്ചകൾ തിരുത്തിക്കുറിക്കുന്നു. സ്വപ്നത്തെ, വിശ്വാസത്തെ, പ്രതിജ്ഞാപനം ചെയ്യുന്ന അബോധത്തിന്റെ രാഷ്ട്രീയമാണ് ഈ ബദൽ രാഷ്ട്രീയത്തിന്റെ രഹസ്യശക്തിയെന്നും കവിത ആത്യന്തികമായും പ്രതിജ്ഞാപനം ചെയ്യുന്നു. സ്വപ്നത്തിന്റെ അബോധത്തിന്റെ, വിശ്വാസത്തിന്റെ ഈ സൂക്ഷ്മ രാഷ്ട്രീയമണ്ഡലത്തിൽ നിന്നുള്ള വിച്ഛേദനമാണ് മലയാളിയുടെ രാഷ്ട്രീയ അപചയത്തിന്റെ മുഖ്യകാരണമെന്ന് ഭംഗ്യന്തരേണ കവിത സൂചിപ്പിക്കുന്നുണ്ട്.

ഉത്തരേന്ത്യയിലെ മഹാശൈത്യത്തെയും കൊറോണാ മഹാമാരിയുടെ ഭീഷണിയെയും, ഭരണകൂടത്തിന്റെ സൈനികശക്തിയെയും വെല്ലുവിളിച്ച് കൊണ്ട്, ആഗോള കോർപ്പറേറ്റ് ബയോസാമ്രാജ്യത്തിന്റെ അശ്വയന്ത്രങ്ങളെ പിടിച്ചു കെട്ടുവാൻ തലസ്ഥാനനഗരിയെ വളഞ്ഞു നിൽക്കുന്ന ലക്ഷക്കണക്കിനു കർഷകർ പ്രഖ്യാപിക്കുന്നതും ഇതാണ്: ജീവന്റെയും ഭാവിയുടെയും വിത്ത് വിതക്കാരും, അന്ന ദാതാക്കളുമായ കർഷകരാണ് ഇന്ത്യൻ വിപ്ലവത്തിന്റെ, ബദൽ ജീവരാഷ്ട്രീയത്തിന്റെ മുഖ്യശക്തി, മുഖ്യകർതൃത്വം. സ്വപ്നത്തിന്റെയും വിശ്വാസത്തിന്റെയും അബോധത്തിന്റെയും രാഷ്ട്രീയത്തെ സംബന്ധിച്ച് കവിത നൽകുന്ന ഉൾക്കാഴ്ചകളെ ചരിത്രപരമായി ന്യായീകരിക്കുകയും സാക്ഷാത്ക്കരിക്കുകയും വിപുലീകരിക്കുകയും ചെയ്യുന്ന ഈ മഹാസമരയജ്ഞം. ജനങ്ങളുടെ അന്തസ്ഥിത ശക്തി (immanent power as potentia), ജീവരാഷ്ട്രീയ ശക്തിക്കു, മുന്നിൽ ഭരണകൂടാധികാരം നിസ്തേജമെന്ന് ഈ സമരം തെളിയിക്കുന്നു. തകഴിയുടെയും കണ്ടൻ മൂപ്പന്റെയും സ്വപ്നവിവേകത്തെ സാക്ഷാത്ക്കാരത്തിലേക്ക് നയിക്കാനെന്ന വണ്ണം, വന്ദ്യവയോധികരായ ലക്ഷക്കണക്കിനു കർഷിക ഋഷിമാർ ഈ മഹാസമരയജ്ഞത്തിൽ അണിനിരക്കുന്നത് നാം കാണുന്നു. ഗുരുനാനാക്കിന്റെയും ഗുരു തേജ്ബഹദൂറിന്റെയും സാത്വികവും ആഗ്നേയവും സാമ്രാജ്യവിദ്ധ്വംസകവുമായ സ്വപ്നങ്ങളുടെ തലപ്പാവുകളിഞ്ഞ സിഖ് കർഷകർ ദില്ലിയിലേക്കുള്ള ദേശീയപാതകളെ രാഷ്ട്രീയവും ആദ്ധ്യാത്മികവുമായ പ്രബുദ്ധതകളുടെ സംഗമസ്ഥലികളാക്കി മാറ്റിയിരിക്കുന്നു. ജയ് കിസാൻ.

**അല്ലക്ക അബ്ദുൽ ഗഫൂർ:** വാക്കുകൾ വീർപ്പുമുട്ടുന്നു! കാലിക പ്രസക്തമായ വളരെ വളരെ നല്ല സമഗ്ര നിരൂപണം.

## പി. എഫ്. മാത്യൂസ്: ചില പ്രാചീന വികാരങ്ങൾ

**ഡോ. സംഗീത തിരുവൾ പി. പി:** ചില പ്രാചീന വികാരങ്ങൾ, എന്ന പി. എഫ് മാത്യൂസിന്റെ ചെറുകഥ ആധുനികാനന്തര കാലത്തിന്റെ നേർക്കാഴ്ചകളെയാണ് മുന്നോട്ടുവയ്ക്കുന്നത്. ഏറെ കയ്യടക്കത്തോടെ രചിച്ച ഈ ചെറുകഥ പാർശ്വവത്ക്കരിക്കപ്പെടുന്ന വാർദ്ധക്യത്തെ പ്രശ്നവത്ക്കരിക്കുന്ന ഒന്നാണ്. എഴുപതും എൺപതും വയസ്സുവരെ കുടുംബത്തിനും സമൂഹത്തിനും വേണ്ടി ജീവിച്ച അച്ഛനമ്മമാരെ ജീവിതത്തിലെ തിരക്കുകൾ പറഞ്ഞ് നാം ഇന്ന് ഒറ്റപ്പെടുത്തുന്നു. മതിലിനു മുകളിൽ നിന്ന് വീണു മരിച്ച 85 കാരനായ ഗോപാലകൃഷ്ണ ഗോഖലെ നമുക്കു മുന്നിൽ ഒരു ചോദ്യചിഹ്നമാകുന്നു. ഭാര്യയുടേയും മക്കളുടേയും എതിർപ്പിനെ അവഗണിച്ച് ഗ്രാമത്തിൽ നിന്നും കൊണ്ടുവന്ന നകുലന്റെ അമ്മ ഒന്ന് പിടയ്ക്കപോലും ചെയ്യാതെ മരിച്ച തോട്ടുമീനിനെ പോലെയായിരുന്നു. കുളിപ്പിച്ച് പൗഡറിട്ടിട്ടും മായാതെ കിടന്ന ആ നീലനിറം പോലീസുകാരനായിട്ടും അയാൾ വിട്ടുകളയുന്നു. മനോവിഭ്രാന്തി കാട്ടിത്തുടങ്ങിയ ഭാര്യയെ മക്കൾ കൈവയ്ക്കുന്നതു കണ്ട് സഹിക്കാനാവാതെ അവരെ കൊന്നു കൊണ്ട് ജയിലിലെത്തുന്ന ഭർത്താവ്. ഈ മരണങ്ങളുടെയൊന്നും പൊരുളുകൾ തേടി നാം പോകുന്നില്ല. ഓരോരുത്തർക്കും മരിക്കാനുള്ള കേവല കാരണങ്ങൾ മാത്രമായി നാം അതിനെ കാണുന്നു.

യാന്ത്രികമായ ആധുനിക യുഗത്തിലെ കാലഹരണപ്പെട്ട മനുഷ്യരാണിവരെല്ലാം. നാളെ നമ്മളും ഇതുപോലെ കാലഹരണപ്പെട്ടവരാകും എന്നു ചിന്തിക്കാൻ പോലും നേരമില്ലാതെ എവിടേക്കോ ഓടിക്കൊണ്ടിരിക്കുന്നു നമ്മൾ.

## സായാഹ്ന ഗ്രൂപ്പുമായി ബന്ധപ്പെട്ട മറ്റു ചർച്ചകൾ:

**സായാഹ്ന പ്രവർത്തകർ:** ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാലയിലെ മലയാള വിഭാഗം പ്രസിദ്ധീകരിക്കുന്ന അർദ്ധവാർഷിക ഗവേഷണ ജേർണലായ “ചെങ്ങഴി”യുടെ ഒന്നാം വാല്യം ഒന്നാം ലക്കത്തിന്റെ ഡിജിറ്റൽ പതിപ്പുകൾ സായാഹ്ന വായനക്കാർക്ക് ലഭ്യമാക്കുകയാണ്:

http://ax.sayahna.org/chengazhi/index.html (എച്. റ്റി. എം. എൽ)

http://ax.sayahna.org/chengazhi/chengazhi-1-1.pdf (പിഡിഎഫ്)

മറ്റു ലക്കങ്ങളുടെ പണിനടക്കുന്നു, തീരുന്നതനുസരിച്ച് ലഭ്യമാക്കുന്നതാണ്.

**സായാഹ്ന പ്രവർത്തകർ:** റിവർവാലി ഡിജിറ്റൽ ലൈബ്രറിയുടെ പുതിയ വെബ് സൈറ്റ്:

http://dl.sayahna.org

## പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <info@sayahna.org>.
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.

---

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014